THE ULTIMATE GUIDE الطبعة الهندية الخليجية INDO-GULF EDITION

APRIL 2019 ▪ VOL VIII ▪ ISSUE I

PRICE RS. 50 ▪ AED 15

# ഇന്റീരിയർ

interior.in +ആർക്കിടെക്ചർ മാഗസിൻ

8th ANNIVERSARY ഇന്റീരിയർ



VISHU EASTER *Wishes*

GREEN STYLES

അകത്തും പുറത്തും പച്ചപ്പ്

APARTMENT MAGIC

കുറഞ്ഞ ഏരിയ കൂടുതൽ സൗകര്യം

## GORGEOUS *Homes*

ലക്ഷ്വറിയുടെ നിറവിൽ അമിതമായ അലങ്കാരങ്ങളില്ലാതെ രൂപകല്പനയിലെ പൂർണതയാകുന്ന വീടുകൾ

# Royal EXPERIENCE



**FACT FILE** Project type : **Residence** Location : **Mala, Thrissur** Area: **3097 Sqft**
Plot: **35 cent** Year of completion : **2018** Client name : **P. Kadavil Shaji**



രാജഭരണ കാലത്തിന്റെ ഗൃഹാതുരത്വം
അനുഭവിപ്പിക്കുകയാണ് ഈ
ക്ലാസിക്കൽ വീട്

# പ്രൗഢം രാജകീയം

Designers
Ar. Anoop Chandran &
Ar.Manisha Anoop



പ്രൗഢിയും രാജകീയ ഭാവവും കൂട്ടിയിണക്കിയ ഒരു വീട്. തലയെടുപ്പ് അതിഗംഭീരം. പ്രവാസിയായ ഷാജി പി കൃഷ്ണന്റെ വീടിനാണ് ഈ വിശേഷണങ്ങൾ ചേരുക. തൃപ്രയാർ അമാക് ആർക്കിടെക്ട്സിലെ ആർക്കിടെക്റ്റുകളായ അനൂപ് ചന്ദ്രനും മനീഷയും ചേർന്ന് ഒരുക്കിയതാണ് ഈ മനോഹരമായ ഭവനം. തൃശ്ശൂർ ജില്ലയിലെ മാളയിൽ ആണ് ഈ വീട് സ്ഥിതിചെയ്യുന്നത്. പല ലെവലിൽ കിടന്നിരുന്ന പ്ലോട്ടിനെ ഒരേ രീതിയിലാക്കിയാണ് വീട് നിർമ്മിച്ചത്. പുറത്തും അകത്തും ഒരുപോലെ തുടരുന്ന ക്ലാസിക് ലുക്ക് ആണ് ഈ വീടിന്റെ പ്രധാന ആകർഷണം. കോമ്പൗണ്ട് വാൾ മുതൽ ഈ ശൈലി തുടരുന്നുണ്ട്. തൂവെള്ള നിറമാണ് എക്സ്റ്റീരിയറിൽ നിറഞ്ഞിരിക്കുന്നത്. കാസ്റ്റ് അയേൺ ഗ്രില്ലുകൾ എലവേഷനിലെ പ്രധാന ഘടകമാണ്. മൊത്തത്തിൽ കൊളോണിയൽ ബംഗ്ലാവുകൾക്കുള്ള തലയെടുപ്പാണ് ഈ വീടിന്. വിശാലമായ വരാന്തയും വീടിനുണ്ട്.

## പ്രൗഢിയും ലാളിത്യവും

ക്ലാസിക്കൽ ഡിസൈൻ തീമിലാണ് ആർക്കിടെക്റ്റുകൾ വീട് ഒരുക്കിയത്. ഒരു വീടിനെ പ്രൗഢഗംഭീരമാക്കാൻ അമിത അലങ്കാരവും വർണ്ണാഭമായ ചുറ്റുപാടും വേണ്ടെന്ന് തെളിയി



കോമ്പൗണ്ട് വാളിലും ഗേറ്റിലും വീടിന്റെ എക്സ്റ്റീരിയറിലും ബോധപൂർവ്വമായ ക്ലാസിക്കൽ ടച്ച് നൽകിയിരിക്കുന്നു

ക്കുകയാണ് ഈ വീട്. മനോഹരമായ കൊത്തുപണികളോടുകൂടിയ മുൻവാതിൽ ആകർഷണീയമാണ്. പാനലിംഗും എൻട്രൻസിൽ നൽകി. പ്രധാന വാതിൽ കടന്ന് ചെല്ലുമ്പോൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത് ടേബിളും സൺ മിററും ആണ്. വീട്ടിലെത്തുന്ന അതിഥിക്ക് പോസിറ്റീവ് എനർജി പ്രധാനം ചെയ്യുന്നുണ്ട് സൺ മിററും ടേബിളിൽ നൽകിയിരിക്കുന്ന വിളക്കുകളും. ഈ ലോബിയിൽ മാത്രം പ്രത്യേക പാറ്റേണിൽ ആണ് ഫ്ളോറിംഗ് ചെയ്തിരിക്കുന്നത്. ലോബിയുടെ ഇടതുവശത്താണ് ഫോർമൽ ലിവിംഗ് ഏരിയ ഉള്ളത്. ക്ലാസിക്കൽ കൺസെപ്റ്റിൽ ഉള്ള മനോഹരമായ ഫർണിച്ചർ ആണ് ലിവിങ് ഏരിയയിലുള്ളത്. ശരിക്കും ഒരു കൊട്ടാരസമാനമായ അന്തരീക്ഷം നൽകുന്നുണ്ട് ഈ ഫർണിച്ചറും ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഓരോ മെറ്റീരിയലും. ലിവിംഗിലെ ആൻറിക് ക്ലോക്ക് ആരുടെയും ശ്രദ്ധ പിടിച്ചുപറ്റും. വിശാലമായ വിൻഡോകൾക്ക് നൽകിയിരിക്കുന്ന ലോംഗ് കർട്ടനുകളും ക്ലാസ്സിക് ശൈലിക്ക് അനുയോജ്യമായി തെരഞ്ഞെടുത്തു.

## വെളിച്ചം വിതറി സ്കൈലൈറ്റ്

ക്രോക്കറി യൂണിറ്റുകളും ഹാഗിംഗ് ലൈറ്റുകളും ചന്തം നൽകുന്നുണ്ടെങ്കിലും ഡൈനിംഗ് ഏരിയയിലെ ഹൈലൈറ്റ് മറ്റൊന്നാണ്. ഡബിൾ ഹൈറ്റിൽ നൽകിയ സ്കൈ ലൈറ്റും അതിലൂടെ അകത്തേക്ക് കടന്നുവരുന്ന നാച്ചുറൽ ലൈറ്റുമാണ് ഡൈനിംഗ് ഏരിയയുടെ പ്രധാന ആകർഷണം. എട്ട് സീറ്റോടു കൂടിയ ഡൈനിംഗ് ടേബിൾ ആണ് ഇവിടെയുള്ളത്. ഡൈനിംഗ് ഏരിയയുടെ ഇടതുവശത്തായാണ് പൂജ ഏരിയ സജ്ജീകരിച്ചത്.



സൺ മിററും വിളക്കുകളുമാണ് അതിഥികളെ വരവേൽക്കുന്നത്.

പാരമ്പര്യത്തിന്റെ ഗാംഭീര്യവുമായി ലിവിംഗ് റൂം - മറ്റൊരു ദൃശ്യം





വീടിന്റെ കേന്ദ്ര ഭാഗമാണ് ഡൈനിംഗ്. ഇവിടെ നിന്നാണ് ബെഡ്റൂമുകൾ, സ്റ്റെയർ, കിച്ചൻ എന്നിവിടങ്ങളിലേക്ക് കടക്കാവുന്നത്. വീടിനു പുറത്തേക്കു ഡൈനിംഗിൽ നിന്ന് വാതിൽ നൽകി. സ്റ്റെയർകേസിൽ താഴെയുള്ള ഭാഗം വാഷ് ഏരിയയ്ക്കായി ഉപയോഗപ്പെടുത്തി. ഇറ്റാലിയൻ മാർബിളാണ് വാഷ് ഏരിയയുടെ കൗണ്ടർടോപ്പിനായി ഉപയോഗിച്ചത്. ലോബിയിലെ സൺ മിററിന് സമാനമായ മനോഹരമായ മറ്റൊരു മിററാണ് വാഷ് ഏരിയയിൽ ഉപയോഗിച്ചത്. ക്ലാസിക്കൽ ലുക്കിൽ കാസ്റ്റ് അയൺ ഹാൻഡ് റെയിലുകൾ ആണ് സ്റ്റെയർകെയ്സിന് നൽകിയത്. അപ്പർ ലിവിംഗിലേക്ക് നീളുകയാണ് കാസ്റ്റ് അയൺ ഹാൻഡ് റയിലുകൾ. ഒരു കമ്പ്യൂട്ടർ ഏരിയയും ഇവിടെയുണ്ട്. ഫോർമൽ ലിവിംഗ് ഏരിയയുടെ മറ്റൊരു പതിപ്പാണ് അപ്പർ ലിവിംഗ്. സമാനമായ കർട്ടനുകളും ഫർണിച്ചറുകളും തന്നെയാണ് ഇവിടെയും ഉള്ളത്. പ്രത്യേകം ടിവി ഏരിയയും അപ്പർ ലിവിംഗിൽ ഒരുക്കി.

വൈറ്റ് - ചോക്ലേറ്റ് ബ്രൗൺ കോമ്പിനേഷനിലാണ് കിച്ചൻ. വുഡിലാണ് കൗണ്ടറുകൾ ഉള്ളത്. വൈറ്റ് കൗണ്ടർ ടോപ്പുകളും നൽകി. നാല്

ഷെൽഫുകളിലും ഫർണിച്ചറുകളിലും ഉൾപ്പടെ ക്ലാസിക്കൽ ശൈലി പിന്തുടരുന്നുണ്ട്



സീറ്റോടു കൂടിയ ടേബിൾ കിച്ചണിൽ ഉണ്ട്. ടേബിളിന്റെ ടോപ് വൈറ്റ് നിറത്തിൽ തയ്യാറാക്കി. യൂട്ടിലിറ്റിയ്ക്ക് പ്രാധാന്യം നൽകി മറ്റൊരു കിച്ചനും പ്രധാന കിച്ചനോടൊപ്പം വീട്ടിലുണ്ട്.

## ഒന്നിനൊന്നു മികവിൽ ബെഡ്റൂമുകൾ

പാരന്റ്സ് ബെഡ്റൂമും മാസ്റ്റർ ബെഡ്റൂമും ഗ്രൗണ്ട് ഫ്ളോറിലും മറ്റു രണ്ടു ബെഡ്റൂമുകൾ ഫസ്റ്റ് ഫ്ളോറിലുമാണുള്ളത്. ക്ലാസിക് ലുക്ക് തന്നെയാണ് മാസ്റ്റർ ബെഡ്റൂമിനുംബെഡ്, കർട്ടൻ ,ടേബിൾ എന്നിവയെല്ലാം തന്നെ തീമിന് അനുസൃതമായി വിന്യസിച്ചു. ഒരു ഡ്രസ്സിംഗ് ഏരിയയും മാസ്റ്റർ ബെഡ് റൂമിനോട് ഒപ്പമുണ്ട്. ഫസ്റ്റ് ഫ്ളോ



സ്റ്റെയർ ഏരിയയിലും അപ്പർ ലിവിംഗിലും രാജകീയ ശൈലി പിന്തുടരുന്നു



റിൽ മകന്റെയും  മകളുടെയും ബെഡ്റൂമുകളാണുള്ളത്മകൻെറ ബെഡ്റൂം വ്യത്യസ്ത കളർ കോമ്പിനേഷനോടുകൂടി ബോയിഷ് തീമിൽ ഡിസൈൻ ചെയ്തു. വുഡൻ -ബീജ് ടീമിലാണ് മകളുടെ ബെഡ്റൂം. ക്ലാസിക്ക് കർട്ടനുകളാണ് മകളുടെ ബെഡ്റൂമിലുമുള്ളത്.  വീടിന്റെ അപ്പർ ലിവിങ്ങിൽ നിന്നാണ് ഫ്രണ്ട് ഓപ്പൺ ടെറസിലേക്ക് കടക്കാവുന്നത്.

വിശാലമായതും എല്ലാ സൗകര്യങ്ങളോടും കൂടിയതുമായ ഈ വീട് ക്ലാസിക്കൽ തീമിൽ, മിനിമലിസം അടിസ്ഥാനമാക്കിയാണ് ആർക്കിടെക്റ്റുകൾ ഒരുക്കിയത്.



8TH ANNIVERSARY ഇന്റീരിയർ



കൊളോണിയൽ ഡിസൈൻ എലമെന്റുകളാണ് ബെഡ്റൂമുകളുടെ ആകർഷണം



ലാളിത്യത്തിനിടയിലും രാജകീയപ്രൗഢി ഓരോയിടത്തും പ്രകടമാണ് ഇന്റീരിയറിലേയും എക്സ്റ്റീരിയറിലേയും ഓരോ മെറ്റീരിയലിന്റെ തെരഞ്ഞെടുപ്പിലും ക്വാളിറ്റിയ്ക്ക് മുൻതൂക്കം കൊടുക്കാൻ ആർക്കിടെക്റ്റും വീട്ടുടമയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

തയ്യാറാക്കിയത്: കബനീ ദേവ്




*MEET THE DESIGNERS*

**Ar. Anoop Chandran & Ar.Manisha Anoop**

Amac Architects-Interiors-Vasthu Consultants
Ist Floor , Anand complex,
Triprayar, Thrissur.
Ph : +91 99950 00222,
+91 80866 60007
Email : amacindia@gmail.com
Website :
www.amacarchitects.com